# Phone call between Prime Minister ShriNarendraModi and H.E. Paul Kagame, President of Rwanda

June 05, 2020

---

## പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും റുവാണ്ട പ്രസിഡണ്ട് ശ്രീ.പോൾ കാഗമെയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം.

ജൂൺ 05, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി റുവാണ്ട പ്രസിഡണ്ട് പോൾ കാഗമേയുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി. 2018 ലെ അദ്ദേഹത്തിന്റെ അനുസ്മരണീയമായ റുവാണ്ട സന്ദർശനത്തിന് ശേഷം ഉഭയകക്ഷി ബന്ധത്തിലുണ്ടായ പുരോഗതിയിൽ അദ്ദേഹം സംതൃപ്തി പ്രകടിപ്പിച്ചു. 2018 ലെ സന്ദർശനത്തിൽ പ്രധാമന്ത്രി മോഡി 200 ഇന്ത്യൻ പശുക്കളെ സമ്മാനിച്ചതും പ്രസിഡണ്ട് അനുസ്മരിച്ചു കൂടാതെ അത് റുവാണ്ടയിലെ കുട്ടികൾക്ക് പാൽ ലഭ്യത വർദ്ധിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിക്കുന്നതിനും കാരണമായെന്ന് വിശദീകരിക്കുകയും ചെയ്തു.

കോവിഡ് 19 പകർച്ചവ്യാധി മുഖേനെ ആരോഗ്യപരിചരണ, സാമ്പത്തിക മേഖകൾക്കുണ്ടായ വെല്ലുവിളികളെക്കുറിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനും പൗരന്മാരുടെ ക്ഷേമമ ഉറപ്പാക്കുന്നതിനും അതാതു രാജ്യങ്ങൾ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിവരങ്ങളും അവർ പങ്കു വച്ചു.നിലവിലെ പ്രതിസന്ധിയിൽ പരസ്പരമുള്ള രാജ്യങ്ങളിലെ പ്രവാസികൾക്ക് സാധ്യമായ എല്ലാ പിന്തുണയും നൽകുന്നതിന് നേതാക്കൾ അനുകൂലിക്കുകയും ചെയ്തു.

കൊറോണവൈറസിനെതിരെയുള്ള റുവാണ്ടയുടെ പോരാട്ടത്തിന് ചികിത്സ സഹായങ്ങൾ ഉൾപ്പടെ ഇന്ത്യയുടെ ശക്തമായ സഹായങ്ങൾ പ്രധാനമന്ത്രി റുവാണ്ടൻ പ്രസിഡന്റിനു വാഗ്ദാനം ചെയ്തു. പ്രസിഡണ്ട് കാഗമേയുടെ നേതൃത്വത്തിൽ പ്രതിസന്ധി കാര്യക്ഷമമായ രീതിയിൽ കൈകാര്യം ചെയ്തതിനും വെല്ലുവിളികളെ നേരിടുന്നതിന് റുവാണ്ട ജനങ്ങൾ നൽകിയ ശക്തമായ പിന്തുണയും അദ്ദേഹം അഭിനന്ദിച്ചു.

നിലവിലെ പ്രതിസന്ധിയിൽ റുവാണ്ടയിലെ ജനങ്ങൾക്ക് ആരോഗ്യവും സ്വാസ്ഥ്യവും ഉണ്ടാകട്ടെയെന്നു പ്രധാനമന്ത്രി ആശംസിച്ചു.

**ന്യൂ ഡൽഹി**
**05 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.